# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇലഞ്ഞി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി9)486/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 29/03/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലഞ്ഞി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി9)486/2021 തീയ്യതി: 29/03/2021

## എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2019 മുതൽ 31-01-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ്.കെ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-03-2021 | 17-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. റസിയ ബീവി ജെ, ഓഡിറ്റ് ഓഫീസർ
ശ്രീ.ജ്യോതിമോൻ സി.സി., ഓഡിറ്റ് ഓഫീസർ
ശ്രീ. വിജു എം.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോയ്സ് മാമ്പിള്ളിൽ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.അനിമോൾ.കെ | സെക്രട്ടറി | 01-04-2019 | 09-08-2019 |
| ശ്രീ. കെ.എൻ.അജയൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-08-2019 | 04-09-2019 |
| ശ്രീമതി.ബിന്ദു.ആർ | സെക്രട്ടറി | 05-09-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഗായത്രി എം.എൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ജയൻ.കെ.സി | വെറ്ററിനറി സർജ്ജൻ | 01-04-2019 | 02-02-2020 |
| ഡോ.അഖിലാരാജ് ആർ.ജെ | വെറ്ററിനറി സർജ്ജൻ | 03-02-2020 | 31-03-2020 |
| ശ്രീമതി.കസ്തൂർ ബായി | ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്, ആലപുരം | 01-04-2019 | 31-03-2020 |
| ശ്രീമതി. ജിഷ പി.എം | വി.ഇ.ഒ. മുത്തോലപുരം | 01-04-2019 | 17-09-2019 |
| ശ്രീ. വിനോദ്.വി | വി.ഇ.ഒ. മുത്തോലപുരം (ഇൻ ചാർജ്ജ്) | 18-09-2019 | 22-09-2019 |
| ശ്രീമതി. മീര നമ്പൂതിരി | വി.ഇ.ഒ. മുത്തോലപുരം | 23-09-2019 | 27-01-2020 |
| ശ്രീ. രാജേഷ് ടി | വി.ഇ.ഒ. മുത്തോലപുരം (ഇൻ ചാർജ്ജ്) | 28-01-2020 | 31-03-2020 |
| | | | |

| | | | |
|---|---|---|---|
| ശ്രീ. വിനോദ്.വി | വി.ഇ.ഒ.ഇലഞ്ഞി | 01-04-2019 | 29-11-2019 |
| ശ്രീമതി. മീര നമ്പൂതിരി | വി.ഇ.ഒ.ഇലഞ്ഞി (ഇൻ ചാർജ്ജ്) | 30-11-2019 | 05-12-2019 |
| ശ്രീ. രാജേഷ് ടി | വി.ഇ.ഒ.ഇലഞ്ഞി | 06-12-2019 | 31-03-2020 |
| ശ്രീ. കെ.എൻ.അജയൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-01-2020 |
| ശ്രീമതി. ബിനി പി | അസിസ്റ്റന്റ് സെക്രട്ടറി | 11-03-2020 | 31-03-2020 |
| ശ്രീമതി. സോനു മാത്യൂ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ശ്രീമതി. റോസിലി തോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 18-07-2019 | 31-03-2020 |
| ഡോ.ബീന പ്രദീപ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ. ഗോൾഡ കൈമൾ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 01-11-2019 |
| ഡോ. സൂര്യ മോൾ | മെഡിക്കൽ ഓഫീസർ ഹോമിയോ | 04-11-2019 | 18-11-2019 |
| ഡോ.സുമയ്യ കെ.എം | മെഡിക്കൽ ഓഫീസർ ഹോമിയോ | 19-11-2019 | 31-03-2020 |
| ശ്രീമതി. ഗീതാഞ്ജലി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 04-02-2020 |
| ഡോ.മോഹൻദാസ് ടി.കെ. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2019 | 31-03-2020 |

അസിസ്റ്റന്റ് സെക്രട്ടറിയുടെ തസ്തിക 01.02.2020 മുതൽ 10.03.2020 വരെ ഒഴിവായിരുന്നു മെഡിക്കൽ ഓഫീസർ ഹോമിയോ 2.11.2019 മുതൽ 3.11.2019 വരെ ഒഴിവ് ഡയറി ഫാം ഇൻസ്ട്രക്ടർ 5.2.2020 മുതൽ31.3.2020 വരെ ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 14-03-2021)<br>Last Updated By: Joby George (Computer Assistant, On 19-03-2021) | 1-1 |
| 2 | ബജറ്റ് - സംക്ഷിപ്തവും വിശകലനവും പൊരുത്തപ്പെടുന്നില്ല.<br>Written By: C.C Jyothimon (Audit Officer, On 14-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: C.C Jyothimon (Audit Officer, On 14-03-2021)<br>Last Updated By: Joby George (Computer Assistant, On 19-03-2021) | 1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - പൊരുത്തക്കേട്<br>Written By: C.C Jyothimon (Audit Officer, On 14-03-2021)<br>Last Updated By: Joby George (Computer Assistant, On 19-03-2021) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: C.C Jyothimon (Audit Officer, On 14-03-2021)<br>Last Updated By: Joby George (Computer Assistant, On 19-03-2021) | 1-3 |
| 6 | പദ്ധതി അവലോകനം<br>Written By: C.C Jyothimon (Audit Officer, On 14-03-2021)<br>Last Updated By: Joby George (Computer Assistant, On 19-03-2021) | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: C.C Jyothimon (Audit Officer, On 15-03-2021)<br>Last Updated By: Joby George (Computer Assistant, On 19-03-2021) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: C.C Jyothimon (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-6-1 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: C.C Jyothimon (Audit Officer, On 15-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-7 |
| 10 | ക്യാഷ് ബാലൻസ്<br>Written By: Viju M S (Senior Grade Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 19-03-2021) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം.<br>Written By: Ressiya Beevi J (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 19-03-2021) | 1-9 |
| 12 | ഓഡിറ്റ് ഇംപാക്ട് - 6240/- രൂപ തൊഴിൽ നികുതി അടവാക്കി<br>Written By: Viju M S (Senior Grade Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-10 |
| 13 | ഡെപ്പോസിറ്റ് ഫണ്ടുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല<br>Written By: Viju M S (Senior Grade Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-11 |
| 14 | സർക്കാർ ഉത്തരവ് നടപ്പിലാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-12 |
| 15 | ചക്കാലപ്പാറ - കാച്ചിറതാഴം റോഡ് റീടാറിംഗ് - കാലി വീപ്പയുടെ വില ഈടാക്കിയിട്ടില്ല.<br>Written By: C.C Jyothimon (Audit Officer, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-13 |
| 16 | ബിൽ തയ്യാറാക്കിയതിലെ പൊതുവായ അപാകതകൾ | 1-13-1 |

| | | |
|---|---|---|
| | ചുവടെ ചേർക്കുന്നു<br>Written By: C.C Jyothimon (Audit Officer, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | |
| 17 | കാലിവീപ്പയുടെ വില ഈടാക്കിയിട്ടില്ല.<br>Written By: C.C Jyothimon (Audit Officer, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-13-2 |
| 18 | ജി.എസ്.ടി കോമ്പൻസേഷൻ നൽകിയ തുകയ്ക്കും ജി.എസ്.ടി. ഈടാക്കുന്നു.<br>Written By: C.C Jyothimon (Audit Officer, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-14 |
| 19 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-15 |
| 20 | വാടക കുടിശ്ശിക ഈടാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-16 |
| 21 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-17 |
| 22 | സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തുക നല്കി<br>Written By: Viju M S (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-18 |
| 23 | സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തുക നല്കി<br>Written By: Viju M S (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-18-1 |
| 24 | ബിലേറ്റഡ് ഫീസ് ഈടാക്കിയില്ല.<br>Written By: Viju M S (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-19 |
| 25 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ ഉറപ്പു വരുത്തുന്നില്ല.<br>Written By: Ressiya Beevi J (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-20 |
| 26 | അങ്കണവാടി പൂരകപോഷകാഹാരം-കേന്ദ്രവിഹിതം പൂർണ്ണമായി ചെലവഴിക്കുന്നില്ല.<br>Written By: Ressiya Beevi J (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-21 |
| 27 | പാലിന് സബ്സിഡി നല്കൽ-നിരക്കിലെ അപാകത<br>Written By: Ressiya Beevi J (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-22 |
| 28 | പി.ഡബ്ല്യു.ഡി ഉടമസ്ഥതയിലുള്ള അപകടകരമായ മരം മുറിച്ചുമാറ്റിയ തുക തിരികെ ലഭ്യമാകാത്തത് സംബന്ധിച്ച്-<br>Written By: Ressiya Beevi J (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-23 |
| 29 | നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല.<br>Written By: C.C Jyothimon (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-24 |
| 30 | പ്രോജക്ടിൽ വകയിരുത്തിയതിനേക്കാൾ അധികം ചെലവഴിച്ചു.<br>Written By: C.C Jyothimon (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-25 |
| | | |

| | | |
|---|---|---|
| 31 | മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ലഭ്യമല്ല<br>Written By: Ressiya Beevi J (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-26 |
| 32 | വരൾച്ച ദുരിതാശ്വാസം കുടിവെള്ള വിതരണ പദ്ധതി-അധിക ചെലവ്<br>Written By: C.C Jyothimon (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-27 |
| 33 | എം.ജി.എൻ.ആർ.ജി.എസ്- അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-28 |
| 34 | പുലവേലിക്കുന്ന് റോഡ് കോൺക്രീറ്റിംഗ്- രണ്ടാം ഘട്ടം-അധിക ചെലവ്<br>Written By: C.C Jyothimon (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-29 |
| 35 | കന്നുകുട്ടി പരിപാലന പദ്ധതി-അപാകതകൾ<br>Written By: Ressiya Beevi J (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-30 |
| 36 | മുട്ടക്കോഴി വിതരണം - അപാകതകൾ<br>Written By: Ressiya Beevi J (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-31 |
| **ഭാഗം 2** | | |
| 1 | ബിലേറ്റഡ് ഫീസ് ഈടാക്കിയില്ല.<br>Written By: Viju M S (Senior Grade Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 2-1 |
| **ഭാഗം 3** | | |
| 1 | സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു<br>Written By: Ressiya Beevi J (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 3-1 |
| 2 | ചക്കാലപ്പാറ- കാച്ചിറതാഴം റോഡ് റീടാറിംഗ്- കാലി വീപ്പയുടെ വില ഈടാക്കിയിട്ടില്ല.<br>Written By: C.C Jyothimon (Audit Officer, On 18-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: C.C Jyothimon (Audit Officer, On 14-03-2021)<br>Last Updated By: Joby George (Computer Assistant, On 20-03-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 20-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: C.C Jyothimon (Audit Officer, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 20-03-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം.<br>Written By: C.C Jyothimon (Audit Officer, On 16-03-2021)<br>Last Updated By: C.C Jyothimon (Audit Officer, On 28-03-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| | Written By: C.C Jyothimon (Audit Officer, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.C Jyothimon (Audit Officer, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: C.C Jyothimon (Audit Officer, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 20-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ressiya Beevi J (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.C Jyothimon (Audit Officer, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 26.02.2019ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 103845450.00 | 100111340.00 |
| വാർഷിക കണക്ക് പ്രകാരം | 39177641.00 | 38649245.00 |

### 1-1-1 ബജറ്റ് - സംക്ഷിപ്തവും വിശകലനവും പൊരുത്തപ്പെടുന്നില്ല.

16.2.2019 ലെ 1(1) നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, മുൻ വർഷങ്ങളിലെ യഥാർത്ഥ വരവുകളും ചെലവുകളും പരിഗണിച്ചുകൊണ്ട് തന്നെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും താഴെ പറയുന്ന പൊരുത്തക്കേടുകൾ കാണുന്നു.

| ഇനം | തുക |
|---|---:|
| നികുതി വരുമാനം | 46,00,000.00 |
| നികുതിയേതര വരുമാനം | 15,85,000.00 |
| തനത് ഫണ്ട് | 61,85,000.00 |
| ഗ്രാന്റുകൾ ഉൾപ്പെടെ | 9,14,75,450.00 |
| ആകെ വരവ് | 10,38,45,450.00 |

1. നികുതിയേതര വരവിന്റെ വിശകലനത്തിൽ, (ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്ക് പുറം 48) പെർമിറ്റ് ഫീസിനത്തിൽ 1,40,000.00 രൂപയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ആകെ നികുതിയേതര വരുമാനമായി 15,86,000.00 രൂപയെന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ നികുതിയേതര വരവിനങ്ങൾ ഒന്നിച്ച് കൂട്ടുമ്പോൾ 15,96,000.00 എന്ന തുകയാണ് ലഭിക്കുന്നത്. ഈയിനത്തിന്റെ വിശകലനവും സംക്ഷിപ്തവും ആകെ തുകയും പരസ്പരം പൊരുത്തപ്പെടുന്നില്ല.

2. പദ്ധതിയേതര ചെലവിനുള്ള റവന്യൂ ഗ്രാന്റ് - സംക്ഷിപ്തത്തിൽ 30,00,000.00 എന്നും വിശകലനത്തിൽ 3,00,00,000.00 എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

3. വായ്പ ഒഴികെ മൂലധന വരവുകൾ - സംക്ഷിപ്തത്തിൽ 1,22,49,790.00 എന്നും ആയതിന്റെ വിശകലനത്തിൽ 57,49,790.00 എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

4. മൂലധന ചെലവുകൾക്കായുള്ള മറ്റ് വരവ് എന്ന ഹെഡ്ഡിൽ T.S.P – 39,22,450.00 എന്ന് തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥത്തിൽ പ്രസ്തുത വരവ് C.F.C ഇനത്തിലുള്ളതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (3/8.3.21) ലഭ്യമാക്കിയ മറുപടിയിൽ ബജറ്റ് തയ്യാറാക്കിയ സോഫ്റ്റ്‌വെയറിലെ അപാകതയും ബജറ്റ് വിശകലനത്തിൽ നിന്നും സംക്ഷിപ്തത്തിലേക്ക് എടുത്ത് എഴുതിയപ്പോൾ സംഭവിച്ച ക്ലറിക്കൽ മിസ്റ്റേക്കുകളുമാണ് എന്നറിയിച്ചിരിക്കുന്നു. ബജറ്റിലെ ഓരോയിനങ്ങളും അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതും സോഫ്റ്റ്‌വെയറിലെ അപാകതകൾ ഐ.കെ.എമ്മിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 14.05.2020 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

### 1-2-1 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - പൊരുത്തക്കേട്

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 528396/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net

Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1091776/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (1/8.3.21) നൽകിയതിന് മേൽ പൊരുത്തക്കേടുകൾ സംബന്ധിച്ച് ഐ.കെ.എമ്മിനെ അറിയിക്കുന്നതാണെന്നും തുടർനടപടി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കി.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9450534.00 |
| വരവ് | 39177641.00 |
| ആകെ | 48628175.00 |
| ചെലവ് | 38649245.00 |
| നീക്കിയിരിപ്പ് | 9978930.00 |
| വരവിനങ്ങളിലെ നഷ്ടം | 22700.00 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23337.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 680721.00 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 142 | 57229568 | 97 | 24436274 | 00 | 45 | 68.31 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4772.00 | 1290936.00 | 1295708.00 | 1293802.00 | 1906.00 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 17037390 | 17037390 | 17037390 | 00 |
| ആകെ | 4772 | 18328326 | 18333098 | 18331192 | 1906 |

### 1-6-1 തൊഴിലുറപ്പ് പദ്ധതി

2019-20 സാമ്പത്തിക വർഷം തോടുകളും പറമ്പുകളും വൃത്തിയാക്കൽ, കിണർ നിർമ്മാണം, കിണർ റീച്ചാർജിംങ്, റോഡ് നിർമ്മാണം തുടങ്ങിയ 389പദ്ധതികൾക്കായി 41691000/- അടങ്കലുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 279പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇതിന്നായി 17057000/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ പദ്ധതികളിലായി ആകെ 50250 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 244 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ആകെ 2576 വീടുകളിലായി 4777 പേർക്ക് തൊഴിൽകാർഡ് നൽകിയിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 5880 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 1724400 | 295 |
| വിധവാപെൻഷൻ | 2975400 | 528 |
| വാർദ്ധക്യകാലപെൻഷൻ | 6678000 | 1203 |
| ശാരീരികവും മാനസീകവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1061400 | 188 |
| വിവാഹധനസഹായം | 360000 | 12 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 304800 | 54 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.03.2021ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24359/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പു കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കുന്നു.

4. 31.10.2017ലെ സർക്കാർ ഉത്തരവ് നമ്പർ 80/2017/ത.സ്വ.ഭ.വ പ്രകാരം ഡി ആന്റ് ഒ ലൈസൻസ് ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ ഗ്രാമ പഞ്ചായത്ത് പ്രസ്തുത ഉത്തരവനുസരിച്ചുള്ള ഭേദഗതി വരുത്തിയിട്ടില്ല.

5. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ഓഡിറ്റ് ഇംപാക്ട് - 6240/- രൂപ തൊഴിൽ നികുതി അടവാക്കി

താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളതാണ്. ടി സ്ഥാപനങ്ങളിൽ ധാരാളം പേർ ജോലി ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, മേൽവിലാസം | വാർഡ്<br>കെട്ടിട<br>നം | തരം,<br>ലൈസൻസ് നം | തൊഴിലാളി<br>കളുടെ<br>എണ്ണം |
|---|---|---|---|
| ശ്രീ.റോബി ജോസഫ്<br>പരിക്കണിക്കൽ<br>മുത്തോലപുരം.പി ഒ<br>ഇലഞ്ഞി | 254<br>V | ക്ലീനിംങ് മെറ്റിരീയൽ<br>നിർമ്മാണം<br>24/19-20<br>26.05.19 | 05 |
| പ്രസിഡന്റ്<br>നെല്ലുല്പാദക കേന്ദ്രം<br>മുത്തോലപുരം.പി.ഒ | IV<br>141 | റബർ പാൽ സംസ്കരണ<br>യൂണിറ്റ്<br>64/19-20<br>03.07.19 | 7 |
| ശ്രീമതി.അനീഷ മാത്യു<br>പീറ്റർ,<br>പൂന്തോട്ടം, ഇലഞ്ഞി | 50<br>XI | പെട്രോൾ,ഡീസൽ<br>വിതരണം<br>65/19-20<br>03.06.19 | 9 |
| ശ്രീ.ഉല്ലാസ് വർഗ്ഗീസ്<br>തെക്കുംമൂട്ടിൽ<br>പിറവം | 407A<br>XIII | ഫർണിച്ചർ<br>മാട്രെസ് വില്പന<br>90/19-20<br>28.10.19 | 5 |

മേൽ വിവരിച്ച സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്ട് 205 B പ്രകാരം ബഹു. സെക്രട്ടറി നോട്ടീസ് നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് 09.03.2021 ൽ നല്കിയ 9ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ശ്രീ റോബി ജോസഫ്, പരിക്കണിക്കൽ, മുത്തോലപുരം പി.ഒ, ഇലഞ്ഞി 10.03.2021 ൽ 120020103431, 32 എന്നീ രസീത് പ്രകാരം 1200/- രൂപയും, പ്രസിഡന്റ്, നെല്ലുല്പാദക കേന്ദ്രം, മുത്തോലപുരം പി.ഒ. 15.03.2021 ൽ 120020103477 രസീത് പ്രകാരം 1680/- രൂപയും, ശ്രീമതി.അനീഷ മാത്യു പീറ്റർ, പൂന്തോട്ടം, ഇലഞ്ഞി 15.03.2021 ൽ 120020103484 പ്രകാരം 2160/- രൂപയും, ശ്രീ.ഉല്ലാസ് വർഗ്ഗീസ്, തെക്കുംമൂട്ടിൽ, പിറവം 15.03.2021 ൽ 120020103455 രസീത് പ്രകാരം 1200/- രൂപയും അടവാക്കി.

## 1-11 ഡെപ്പോസിറ്റ് ഫണ്ടുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നാളിതുവരെയായി പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയതായി കാണുന്നില്ല.

1) 2015-16 സാമ്പത്തിക വർഷത്തിൽ (അക്കൗണ്ട് ഹെഡ് അദ്രേസ്സ് 340800101) ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 12.10.2015, 14.10.2015 എന്നീ തീയതികളിലായി വാങ്ങിയിട്ടുള്ള 32000/- രൂപ നാളിതുവരെയായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

2) സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് (340100202)ഇനത്തിൽ 03.03.2016 ൽ 11502102069 രസീത് പ്രകാരം ശ്രീ സജിമോൻ 7000/- രൂപ അടവാക്കിയിട്ടുണ്ട്. നിയമാനുസൃത കാലയളവ് കഴിഞ്ഞിട്ടും തുക തിരികെ ആവശ്യപ്പെട്ടിട്ടില്ലാത്തതിനാൽ ഈ തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്.

3) ബിഡേഴ്സ് ഇ.എം.ഡി ഇനത്തിൽ (340100103) ശ്രീ മിന്റോ.കെ.സാജു 08.09.2016 ൽ 11602101004 രസീത് പ്രകാരം 1000/-രൂപ ഫീ ഫോർ കട്ടിംങ് ട്രീ ഇനത്തിലും, 16.12.2016 ൽ 11302101558 പ്രകാരം രവി കെ.കെ. 1000/- രൂപ ഇ.എം.ഡി ഇനത്തിലും, 30.09.2016 ലെ 11502101689 പ്രകാരം 7000/- രൂപ ഇലക്ട്രിക്കൽ വർക്കിനുള്ള ഇ.എം.ഡി.യായും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

മേൽ പറഞ്ഞിട്ടുള്ള തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 15.03.2021 ൽ നല്കിയ 20-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ അടിയന്തരമായി തന്നെ കമ്മറ്റിയിൽ അജണ്ട വച്ച് തീരുമാനമെടുത്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-12 സർക്കാർ ഉത്തരവ് നടപ്പിലാക്കിയില്ല

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ സുപ്രധാന ഭേദഗതികൾ സർക്കാർ വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് വാണിജ്യ വ്യവസായ

പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ഗ്രാമപഞ്ചായത്ത് പരിധിയിൽ നടപ്പിലാക്കുന്നതിന് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 254 പ്രകാരം മേൽ സർക്കാർ ഉത്തരവിനനുസൃതമായി മാറ്റം വരുത്തി കമ്മറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയത് വിശദാംശങ്ങൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 09.03.2021 ൽ നല്കിയ 10-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് മേൽ ഉത്തരവ് പ്രകാരം 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 254 അനുസരിച്ച് നടപടി അടുത്ത കമ്മറ്റിയിൽ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. 2017 ൽ സർക്കാർ പുറത്തിറക്കിയ ചട്ടങ്ങൾ 3 വർഷം പൂർത്തികരിച്ചിട്ടും ഗ്രാമപഞ്ചായത്ത് പരിധിയിൽ നടപ്പിൽ വരുത്തിയിട്ടില്ല എന്നത് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ ഗുരുതരമായ വീഴ്ചയാണ്. അടിയന്തരമായി സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസ് ഫീ ഉത്തരവ് നിർദ്ദേശിക്കുന്ന രീതിയിൽ ക്രമീകരിക്കേണ്ടതുമാണ്.

## 1-13 ചക്കാലപ്പാറ - കാച്ചിറതാഴം റോഡ് റീടാറിംഗ് - കാലി വീപ്പയുടെ വില ഈടാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ 95/19-20, അടങ്കൽ- 460000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്)

കരാറുകാരൻ- എ.ജെ.ജോസഫ്

ആകെ മൂല്യം- 401987/- ബിൽ നമ്പർ 1/19-20 /8.5.2019- 200000/-

ബിൽ നമ്പർ 5/19-20 /26.6.19- 201987/-

പ്രോജക്ട് നമ്പർ 41/2018-19 ആയി 2018-19ൽ അംഗീകാരം വാങ്ങിയതും സ്പിൽ ഓവർ പദ്ധതിയായി (95/19-20), 2019-20ൽ പൂർത്തിയാക്കിയ ചക്കാലപ്പാറ - കാച്ചിറതാഴം റോഡ് റീടാറിംഗ് എന്ന പ്രവർത്തിക്കായി അളവ് പുസ്തകം 43/18-19ലെ രേഖപ്പെടുത്തൽ പ്രകാരം ആകെ 26 ബാരൽ ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്. 2016 ലെ ഡി.എസ്.ആർ നിരക്ക് പ്രകാരം പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് കരാറുകാരന് അനുവദിച്ചുനൽകിയിട്ടുള്ളത്. എന്നാൽ അവസാന ബിൽ നൽകിയപ്പോൾ കാലിവീപ്പയുടെ വിലയും ജി.എസ്.ടി.യും ഈടാക്കിയിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ ഈടാക്കിവരുന്ന കാലിവീപ്പയുടെ നിരക്കനുസരിച്ച് (ഒരെണ്ണത്തിന് 238/-രൂപ നിരക്കിൽ) 26x 238= 6188/- രൂപയും 18% ജി.എസ്.ടി 1114/- രൂപയും ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/12.3.21) ലഭ്യമാക്കിയ മറുപടിയിൽ തുക എത്രയും വേഗം ഈടാക്കി വിവരം അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 1-13-1 ബിൽ തയ്യാറാക്കിയതിലെ പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു

1. മേൽ പദ്ധതിക്കായി കരാറുകാരൻ ശ്രീ.എ.ജെ.ജോസഫ് കരാർ ഒപ്പിട്ട് സൈറ്റ് കൈമാറിയിട്ടുള്ളത് 3.10.2018ൽ ആണ്. (എഗ്രിമെന്റ് നമ്പർ 31/AE/3.10.2018) എന്നാൽ റണ്ണിംഗ് അക്കൗണ്ട് ബിൽ തയ്യാറാക്കിയിട്ടുള്ളത് മറ്റൊരു കരാറുകാരനായ ശ്രീ.കെ.പി. ബേബിയുടെ പേരിലാണ്. കൂടാതെ കരാറുകാരൻ എന്നതിന് പകരം കൺവീനർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. ബില്ലിൽ പ്രവൃത്തി ആരംഭിച്ച തിയതി 3.8.2018 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. അളവ് പുസ്തകം 43/18-19 പുറം 11 പ്രകാരം അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 12.3.2019ൽ ആണ്. എന്നാൽ റണ്ണിംഗ് അക്കൗണ്ട് ബില്ലിൽ 11.1.2019 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

## 1-13-2 കാലിവീപ്പയുടെ വില ഈടാക്കിയിട്ടില്ല.

കുളങ്ങരപ്പടി ഇടയൻ അന്ത്യാൽ റോഡ് റീ ടാറിംഗ്

പ്രോജക്ട് നമ്പർ 96/19-20, അടങ്കൽ- 400000/- (മെയിന്റനൻസ് ഫണ്ട് റോഡ്)

കരാറുകാരൻ- എ.സി.രാജൻ

ആകെ മൂല്യം- 356670/- ബിൽ നമ്പർ 1/19-20 /26.6.19, – 123999/-

ബിൽ നമ്പർ 7/19-20 –232671/-

ഈ പ്രവൃത്തിക്കായി ആകെ 21 ബാരൽ ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്. 2016 ലെ ഡി.എസ്.ആർ നിരക്ക് പ്രകാരം പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് കരാറുകാരന് അനുവദിച്ചുനൽകിയിട്ടുള്ളത്. എന്നാൽ അവസാന ബിൽ

നൽകിയപ്പോൾ കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കിയിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ ഈടാക്കിവരുന്ന കാലിവീപ്പയുടെ നിരക്കനുസരിച്ച് (ഒരെണ്ണത്തിന് 238/-രൂപ നിരക്കിൽ) 21x 238= 4998/-രൂപയും 18% ജി.എസ്.ടി 900/- രൂപയും ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/12.3.21) ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കി അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 1-14 ജി.എസ്.ടി കോമ്പൻസേഷൻ നൽകിയ തുകയും ജി.എസ്.ടി. ഈടാക്കുന്നു.

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷനായി നൽകുന്ന തുകയും കൂടി ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യുന്നതായി കാണുന്നു. ഉദാഹരണമായി, പ്രോജക്ട് നമ്പർ 29/19-20, മുകളേൽ തട്ട് ചാലിഭാഗം റോഡ് റീ ടാറിംഗ് എന്ന പ്രവൃത്തിയുടെ അളവ് പുസ്തക പ്രകാരം ആകെ പ്രവർത്തി മൂല്യം 460709.62രൂപയും ജി.എസ്.ടി കോമ്പൻസേഷനായി (12%), 55285.15 രൂപയും ഉൾപ്പെടെ ആകെ 515995/- രൂപ കണക്കാക്കിയിട്ടുണ്ട്. ആയതിന് ശേഷം പ്രസ്തുത തുകയുടെ 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി, 5160/-രൂപയും സി.ജി.എസ്.ടി, എസ്.ജി.എസ്.ടി എന്നിങ്ങനെ 1% വീതം 5160x2= 10320/- രൂപയും ഈടാക്കിയിട്ടുണ്ട്. ജി.എസ്.ടി കോമ്പൻസേഷനായി കരാറുകാർക്ക് അനുവദിക്കുന്ന തുകയ്ക്ക് വീണ്ടും ജി.എസ്.ടി ഉറവിടത്തിൽ കുറവു ചെയ്യേണ്ടതില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (16/12.3.21) മറുപടി ലഭ്യമാക്കിയില്ല.

## 1-15 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല

2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ ധാരാളം കരാറുകാരുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഈ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ടി കരാറുകാർ സാമ്പത്തിക വർഷത്തിൽ 6 മാസത്തെ കരാർ വ്യവസ്ഥയിൽ പഞ്ചായത്തിൽ ഒന്നിലധികം മരാമത്ത് പണികൾ ഏറ്റെടുത്ത് ചെയ്തിട്ടുണ്ട് എന്ന് എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. കരാറുകാരുടെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമനം | പേര്, വിലാസം |
|---|---|
| 1 | ശ്രീ.ഷാജി കുമാർ കെ.കെ,<br>കരിമ്പനക്കൽ |
| 2 | ശ്രീ.ജോജിഷ് ജോസ്<br>വടക്കേ മൂലയിൽ<br>മുത്തോലപുരം |
| 3 | ശ്രീ.രാജേഷ് തമ്പി<br>കൊച്ചുപറമ്പിൽ, മണ്ണത്തൂർ |
| 4 | ശ്രീ.കെ.പി ബോബി<br>പാറക്കൽ<br>ഇലഞ്ഞി |
| 5 | ശ്രീ.എ.ജെ. ജോസഫ്<br>ആലപ്പാട്ട്, മുത്തോലപുരം |
| 6 | ശ്രീ.കെ.പി സുരേഷ് കുമാർ<br>കൊച്ചുപറമ്പിൽ, വെളിയന്നൂർ |

മേൽ സൂചിത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 09.03.2021ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 6 നല്കിയതിന് മറുപടി ലഭ്യമാക്കിയത് പ്രസ്തുത ഓഡിറ്റ് അന്വേഷണക്കുറിപ്പ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ടെന്നാണ്. മേൽ സൂചിപ്പിച്ച ഓരോ കരാറുകാരനും സാമ്പത്തിക വർഷത്തിൽ 30 ലക്ഷം രൂപയ്ക്ക് മേൽ മരാമത്ത് പണികൾക്കുള്ള കരാർ പഞ്ചായത്തിൽ നിന്ന് ഏറ്റെടുത്ത് ചെയ്തിട്ടുള്ളതും സാമ്പത്തിക വർഷം മുഴുവൻ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. ആയതിനാൽ ടി കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി രസീത് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-16 വാടക കുടിശ്ശിക ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഇലഞ്ഞി ബസ് സ്റ്റാന്റ് ഷോപ്പിംങ് കോംപ്ലെക്സ്, മാർക്കറ്റ് ഷോപ്പിംങ് കോംപ്ലെക്സ് എന്നിവയിലെ കടമുറികൾ താഴെ ചേർത്തിട്ടുള്ള വിവിധ വ്യക്തികൾക്ക് പഞ്ചായത്തുമായി ഏർപ്പെട്ട

കരാർ പ്രകാരം വാടകയ്ക്ക് നല്കിയിട്ടുള്ളതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ ഈടാക്കേണ്ടിയിരുന്ന വാടക കൃത്യമായി ഈടാക്കി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാടകക്കാരന്റെ പേര് | കെട്ടിട നം/ വാർഡ് | വാടക തുക | ജി.എസ്,ടി 18% | ആകെ മാസം | ആകെ തുക | ആകെ ജി.എസ്,ടി |
|---|---|---|---|---|---|---|
| ശ്രീമതി മേഴ്സി പൊന്നപ്പൻ പുന്നക്കുറ്റിയ്ക്കൽ, മുത്തോലപുരം | VI 323B | 2316 | 416 | 12 | 27792 | 4992 |
| ശ്രീമതി ഷെറി പോൾ പുതുമന, ഇലഞ്ഞി | XI 72 | 800 | 144 | 6 | 4800 | 864 |
| ശ്രീ.രവികുമാർ പാലത്തിങ്കൽ, ഇലഞ്ഞി | VI 323C | 12150 | 2187 | 12 | 145800 | 26244 |
| ആകെ | | | | | 178392 | 32100 |

വാടകക്കാരുമായി ഏർപ്പെട്ട കരാർ വ്യവസ്ഥ പ്രകാരം ( കരാർ വ്യവസ്ഥ 3) എല്ലാ മാസവും 5-ാം തീയതിക്കകം വാടക അടവാക്കിയിട്ടില്ലെങ്കിൽ 18% പിഴപ്പലിശയോടുകൂടി തുക വസൂലാക്കുമെന്നും അല്ലായെങ്കിൽ 15 ദിവസത്തിനകം നോട്ടീസ് കൊടുത്ത് വാടകക്കാരനെ ഒഴിവാക്കുവാനും വ്യവസ്ഥ ചെയ്യുന്നു. കരാർ ലംഘനം നടത്തിയതിന് മേൽ വാടകക്കാർക്കെതിരേ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 09.03.2021 ൽ നല്കിയ 11-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട് വാടകക്കാരായ ശ്രീമതി മേഴ്സി പൊന്നപ്പൻ, പുന്നക്കുറ്റിയ്ക്കൽ, മുത്തോലപുരം, ശ്രീമതി ഷെറി പോൾ പുതുമന, ഇലഞ്ഞി എന്നിവർക്ക് ആർ.ആർ. നോട്ടീസ് നല്കിയിട്ടുണ്ടെന്നും, ശ്രീ.രവികുമാർ, പാലത്തിങ്കൽ, ഇലഞ്ഞി എന്ന വ്യക്തിക്ക് വാടക കുടിശ്ശിക അടവാക്കുവാൻ കത്ത് നല്കിയിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്. പ്രസ്തുത തുക 18% പിഴപ്പലിശയോടുകൂടി വസൂലാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## <u>1-17 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല</u>

| | |
|---|---|
| പ്രോജക്ട് നം, പേര് | 54/20 സർവ്വശിക്ഷാ അഭിയാൻ വിഹിതം<br>55/20 സർവ്വശിക്ഷാ അഭിയാൻ വിഹിതം |
| ബിൽ നം തീയതി ചെലവ് | 1/19-20, 550000/- 19.09.2019<br>2/19-20, 100000/- 19.09.2019 |
| അടങ്കൽ, ഫണ്ട് | 650000/- (വികസന ഫണ്ട്,) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ആലപുരം ഗവ.എൽ.പി.എസ് |

ഹെഡ്മാസ്റ്റർ, ആലപുരം ഗവ.എൽ.പി.എസ് നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ താഴെ ചേർത്തിട്ടുള്ള പ്രകാരം സർവ്വശിക്ഷാ അഭിയാൻ വിഹിതം ജില്ല പ്രോജക്ട് ഓഫീസർ, എറണാകുളത്തിന് നല്കിയിട്ടുള്ളതാണ്. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം | ഫണ്ട് ട്രാൻസ്ഫർ ചെയ്ത തീയതി | ലഭിച്ച തുക, അക്കൗണ്ട് നം |
|---|---|---|---|
| ജില്ല പ്രോജക്ട് ഓഫീസർ, എറണാകുളം | 086101069105 | 19.09.2019 | 550000 |
| ജില്ല പ്രോജക്ട് ഓഫീസർ, എറണാകുളം | 086101069105 | 19.09.2019 | 100000 |
| ആകെ | | | 650000 |

ജില്ല പ്രോജക്ട് ഓഫീസർ, എറണാകുളത്തിന് സർവ്വശിക്ഷാ അഭിയാൻ വിഹിതം നല്കിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 15.09.2021 ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 20 നല്കിയെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ആയതിനാൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 650000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തുക നല്കി

| | |
|---|---|
| പ്രോജക്ട് നം, പേര് | 63/19-20 നെല്ല് കൃഷി വികസനം |
| ബിൽ നം തീയതി ചെലവ് | 6/19-20, 61338/- 25.02.2020<br>7/19-20, 99875/- 25.02.2020<br>10/19-20, 34787/- 31.01.2020 |
| അടങ്കൽ, ഫണ്ട് | 196000/-, വികസന ഫണ്ട്,<br>200000/- ജില്ലാപഞ്ചായത്ത് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ, ഇലഞ്ഞി |

കൃഷി ഓഫീസർ നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ താഴെ ചേർത്തിട്ടുള്ള വ്യക്തികൾ നെല്ല് കൃഷി നടത്തുന്നതിന് ഹാജരാക്കിയ കരമടച്ച് സമർപ്പിച്ച രേഖകൾ പുരയിടത്തിന്റേതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് | സർവ്വേ നം,. | തരം, വിസ്തീർണ്ണം | ലഭിച്ച തുക, അക്കൗണ്ട് നം |
|---|---|---|---|---|
| ശ്രീ.ബാജി എം.അബ്രഹാം മൂലക്കാട്ട് പുത്തൻപുരയിൽ പെരുമ്പടവം.പി.ഒ, ഇലഞ്ഞി | XII | 358/9<br>358/9-3-2 | പുരയിടം<br>55 ആർ | 3394/-<br>67191680828 SBI |
| ശ്രീ ജോൺ കെ.ജെ. കല്ലുംപറമ്പിൽ പെരുമ്പടവം.പി.ഒ, ഇലഞ്ഞി | III | 358/1-1 | പുരയിടം<br>24 ആർ | 5906/-<br>357802010002675 UBI |
| ശ്രീ സണ്ണി റ്റി.യു. തെറ്റാലിൽ പെരുമ്പടവം.പി.ഒ, ഇലഞ്ഞി | XIII | 359/11-1-4<br>359/11-1-3 | പുരയിടം<br>17 ആർ | 2851/-<br>357802010011151 UBI |

നെല്ല് കൃഷി വികസനത്തിനായി പുരയിടത്തിന്റെ കരമടച്ച രസീത് ഹാജരാക്കിയതിന് തുക അനുവദിച്ചതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 10.03.2021 ൽ നല്കിയ 13-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കാമെന്നറിയിച്ചെങ്കിലും ആയത് ഹാജരാക്കിയില്ല. നെൽകൃഷി സബ്സിഡിക്ക് അർഹമായ രേഖകളില്ലാതെ ചെലവഴിച്ച 12151/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-18-1 സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തുക നല്കി

നെല്ല് കൃഷി വികസനത്തിനായി അപേക്ഷ നല്കിയതിന്റെ അടിസ്ഥാനത്തിൽ മതിയായ രേഖകൾ ഹാജരാക്കാതെ താഴെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് സബ്സിഡി നല്കിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് | കൈപ്പറ്റിയ തുക | അക്കൗണ്ട് നം |
|---|---|---|---|
| ശ്രീമതി അമ്മിണി കുമാരൻ കൊരവേലിൽ, പെരുമ്പടവം.പി.ഒ ഇലഞ്ഞി | XII | 4922/- | 67190908866 SBI |
| ശ്രീ ടോമി കെ.തോമസ് കുറ്റിപ്പറിച്ചേൽ പെരുമ്പടവം.പി.ഒ, അന്ത്യാൽ | XIII | 3802/- | 67039944164 SBI |
| ശ്രീ തങ്കപ്പൻ പി.കെ. | XII | 3802/- | 2154287981 |

| | | | |
|---|---|---|---|
| ചുറപ്പുഴയിൽ<br>പെരുമ്പടവം.പി.ഒ, ഇലഞ്ഞി | | | |
| ശ്രീമതി. ശാന്ത ശ്രീധരൻ<br>മലയിൽ കുന്നേൽ,<br>പെരുമ്പടവം.പി.ഒ., ഇലഞ്ഞി | XII | 2512/- | 357802010007980UBI |
| ശ്രീ റ്റി.പി. അഗസ്റ്റിൻ<br>തേക്കുംമൂട്ടിൽ, പെരിയപുരം.പി.ഒ<br>ഇലഞ്ഞി | I | 4277/- | 3578020100100287UBI |
| ശ്രീ സുകുമാരൻ പി.കെ.<br>പുറപ്പുഴയിൽ, പെരുമ്പടവം.പി.ഒ.<br>ഇലഞ്ഞി | XII | 6780/- | 30058548275 |
| ശ്രീ.സതീശൻ എൻ.എം.<br>മൂലക്കാട്ടിൽ, പെരുമ്പടവം.പി.ഒ.<br>ഇലഞ്ഞി | XII | 3327/- | 12880100066563 FB |
| ശ്രീ ബിജു കെ. എബ്രഹാം<br>കാർലോത്തു്<br>പെരുമ്പടവം.പി.ഒ.<br>ഇലഞ്ഞി | XI | 2716/- | 357802010012472 UBI |
| ശ്രീ ജോസ് ജോർജ്<br>വെട്ടിയോടിത്തടത്തിൽ<br>മുത്തോലപുരം.പി.ഒ., ഇലഞ്ഞി | V | 1361/- | 32071631152 SBI |
| ശ്രീ ജോർജ് സഖറിയ<br>തോട്ടുപുറത്ത്<br>പെരിയപുരം.പി.ഒ.<br>ഇലഞ്ഞി | I | 1024/- | 670110038479 SBI |

മേൽ പരാമർശങ്ങൾക്ക് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 10.03.2021 ൽ നല്കിയ 13-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട രേഖകൾ സ്ഥാപനത്തിലുണ്ടെന്നും ആയത് ഓഡിറ്റിന് ഹാജരാക്കാമെന്നുമാണ്. ആയതിനാൽ അനുയോജ്യമായ രേഖകൾ ഹാജരാക്കുന്നത് വരെ ഇതിനായി ചെലവഴിച്ച 34523/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 ബിലേറ്റഡ് ഫീസ് ഈടാക്കിയില്ല.

31.10.2017 ലെ SRO No.674/2017 പ്രകാരമുള്ള ചട്ടം 10(4)ൽ ലൈസൻസ് ഫീ പുതുക്കുന്നതുമായി ബന്ധപ്പെട്ട് പറയുന്നത് " A License Issued Under These Rules Shall Be Renewed On Payment Of The Fee Specified Under Schedule II Along With A Self Certificate From The Applicant Within Thirty Days Before The End Of The Year"എന്നാണ്. അതേപോലെ ലൈസൻസ് ഫീ അടവാക്കി ലൈസൻസ് എടുക്കുവാൻ താമസിച്ചാൽ 1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 19, 22 എന്നിവ പ്രകാരം (വാണിജ്യ വ്യവസായ പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും) പ്രകാരം പരമാവധി അധിക ഫീസായി ഈടാക്കേണ്ടത് അടവാക്കിയ ഫീസിന്റെ 25% മാണ്. എന്നാൽ പഞ്ചായത്തിൽ നിന്നും 115 പേർ 2019-20 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും 109 പേർ ചട്ടങ്ങളിലെ ചട്ടത്തിന് വിരുദ്ധമായി കാലവിളംബം വരുത്തിയാണ് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് അധികൃതർ നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന അധിക ഫീസ് ഈടാക്കി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

31.03.2019 ന് ശേഷം പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തവരുടെ എണ്ണം -109

| ലൈസൻസ് ഫീസായി നിശ്ചയിക്കപ്പെട്ട തുകയുടെ അടിസ്ഥാനത്തിലുള്ള എണ്ണം. | | | | |
|---|---|---|---|---|
| | | | | ഈടാക്കേണ്ടിയിരുന്ന അധിക ഫീസ് |
| 10000 | * 4 | =40000 | 25% | 10000 |
| 5000 | * 3 | =15000 | 25% | 3750 |
| 2000 | * 1 | =2000 | 25% | 500 |
| 1000 | * 15 | =15000 | 25% | 3750 |
| 500 | * 17 | =8500 | 25% | 2125 |
| 300 | * 13 | =3900 | 25% | 975 |
| 200 | * 27 | =5400 | 25% | 1350 |

| | | | | |
|---|---|---|---|---|
| 100 | * 10 | =1000 | 25% | 250 |
| ആകെ | 90 | | | 22700 |

നിയമാനുസൃതം തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് സഹിതം ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 09.03.2021 ൽ നല്കിയ 7-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയതിൽ 19 പേർ പുതുതായി അപേക്ഷ നല്കിയവരാണെന്നും അവരെ ബിലേറ്റഡ് ഫീസിൽ നിന്നും ഒഴിവാക്കണമെന്നും മറുപടി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അപേക്ഷകരെ ഒഴിവാക്കി ബിലേറ്റഡ് ഫീസിനത്തിൽ നഷ്ടം വന്ന 22700/- രൂപ ബന്ധപ്പെട്ട സ്ഥാപന ഉടമകളിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ ഉറപ്പ് വരുത്തുന്നില്ല.

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ. 26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry Of Women & Child Development, Food & Nutrition Board Southern Region Govt.Of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2019-20 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, രാമമംഗലം എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് 23.12.2019 ലാണ് ലഭിച്ചിരിക്കുന്നത്. ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കി കാണുന്നില്ല. അതിനാൽ തന്നെ ഈ നിർദ്ദേശത്തിന്റെ ഉദ്ദേശ്യം മാസങ്ങൾക്ക് ശേഷം ലഭിക്കുന്ന പരിശോധനാഫലം കൊണ്ട് നിറവേറ്റപ്പെടുന്നുമില്ല. യഥാസമയം ഗുണനിലവാരം ഉറപ്പ് വരുത്തി മാത്രം ഭക്ഷ്യമിശ്രിതം വിതരണം ചെയ്യാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

മേൽ നിഷ്കർഷിച്ചിട്ടുള്ള ഉത്തരവുകൾക്കും പരിശോധനകൾക്കും വിധേയമായി പോഷകാംശം നിറഞ്ഞതും മാലിന്യമുക്തവുമായ ഭക്ഷ്യമിശ്രിതം അങ്കണവാടി കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-21 അങ്കണവാടി പൂരകപോഷകാഹാരം-കേന്ദ്രവിഹിതം പൂർണ്ണമായി ചെലവഴിക്കുന്നില്ല.

അങ്കണവാടി പൂരകപോഷകാഹാരത്തിനായി കേന്ദ്ര വിഹിതമായി 2019-20 സാമ്പത്തിക വർഷം 1255901/- രൂപ വരവും മുന്നിരിപ്പ് 696547/-രൂപയും ഉൾപ്പെടെ 1952448/-രൂപ ലഭ്യമായിട്ടുണ്ട്. ഇതിൽ നിന്നും അനുപൂരക പോഷകാഹാര പരിപാടിയ്ക്കായി 910716/- രൂപ ചെലവഴിച്ചിട്ടുണ്ട്. 1041732/-രൂപ നീക്കിയിരുപ്പുണ്ട്. 03.09.2010 -ലെ സർക്കുലർ നം. 39033/ഡി.സി.2/2010 ത.സ്വ.ഭ.വ പ്രകാരം അങ്കണവാടി പൂരകപോഷകാഹാരത്തിനായി കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക അവശേഷിക്കുന്നുവെങ്കിൽ അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യവികസനത്തിന് വിനിയോഗിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. അവശേഷിക്കുന്ന തുക മേൽ സൂചിപ്പിച്ച സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 പാലിന് സബ്സിഡി നല്കൽ-നിരക്കിലെ അപാകത

സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം പൂർണ്ണമായ തോതിൽ നൽകാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട്നം. | എസ്.ഒ 57/20 |
| പ്രൊജക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി. |
| അടങ്കൽ, ഫണ്ട് | 700000(വികസന ഫണ്ട് & |

| | |
|---|---|
| | ബ്ളോക്ക് വിഹിതം) |
| ചെലവ് വിവരം | 1)1/19-20/25.2.20-400000/-<br>2)2/19-20/13.3.20-61250/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

ഇലഞ്ഞി ക്ഷീരോത്പാദക സഹകരണ സംഘം, ജോസ്ഗിരി ക്ഷീരോത്പാദക സഹകരണ സംഘം, മുത്തോലപുരം ക്ഷീരോത്പാദക സഹകരണ സംഘം, കുളങ്ങരപ്പടി ക്ഷീരോത്പാദക സഹകരണ സംഘം, മടുക്ക ക്ഷീരോത്പാദക സഹകരണ സംഘം, പെരുമ്പടവം ക്ഷീരോത്പാദക സഹകരണ സംഘം എന്നീ 6 ക്ഷീരസംഘങ്ങളിലെ 262 ക്ഷീരകർഷകർക്കാണ് സബ്സിഡി നൽകിയിരിക്കുന്നത്. 6 സംഘങ്ങൾക്കും 2019 ഏപ്രിൽ മുതൽ സെപ്റ്റംബർ മാസം വരെയുള്ള 6 മാസ കാലയളവ് കണക്കാക്കി ഒരു ലിറ്റർ പാലിന് 3 രൂപ എന്ന കണക്കിൽ സബ്സിഡി നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയെങ്കിലും 3 രൂപയിൽ കുറവ് തുകയാണ് സബ്സിഡി ആയി നല്കിയിരിക്കുന്നത്. തുക അപര്യാപ്തമാണെന്നുള്ള വിവരം നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്തിനെ അറിയിച്ചതായി ഓഡിറ്റ് വർഷത്തെ യാതൊരു രേഖയിലും കാണുന്നില്ല. മൃഗസംരക്ഷണവും ക്ഷീര വികസനവും എന്ന വർക്കിംഗ് ഗ്രൂപ്പാണ് പ്രസ്തുത പദ്ധതി മോണിട്ടർ ചെയ്യേണ്ടത്. മേൽ വർക്കിംഗ് ഗ്രൂപ്പ് ഇത്തരത്തിലുള്ള മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. പാലുത്പാദനമേഖലയിലെ ചെലവ് അധികമായതിനാൽ ക്ഷീരകർഷകർക്ക് തങ്ങളുടെ മേഖലയിൽ പിടിച്ച് നിൽക്കുന്നതിനാണ് ഇത്തരത്തിലുള്ള സബ്സിഡി നൽകുന്നത്. 3 രൂപയും ഡയറി ഡിപ്പാർട്ട്മെന്റ് നേരിട്ട് നൽകുന്ന ഒരു രൂപയും അടക്കം 4 രൂപയാണ് ആകെ സബ്സിഡി. വരുംവർഷങ്ങളിൽ സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന രീതിയിൽ തുക ക്ഷീര കർഷകർക്ക് ലഭ്യമാക്കി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം നിറവേറ്റാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 പി.ഡബ്ല്യൂ.ഡി ഉടമസ്ഥതയിലുള്ള അപകടകരമായ മരം മുറിച്ചുമാറ്റിയ തുക തിരികെ ലഭ്യമാകാത്തത് സംബന്ധിച്ച്-

പഞ്ചായത്തിലെ ഇലഞ്ഞി ജംഗ്ഷനിൽ പി.ഡബ്ള്യൂ.ഡി. റോഡിന് സമീപത്ത് അപകടകരമായി നിന്ന പി.ഡബ്ള്യൂ.ഡി. ഉടമസ്ഥതയിലുള്ള പാലമരം പി.ഡബ്ള്യൂ.ഡി. കൂത്താട്ടുകുളം കാര്യാലയത്തിൽ നിന്നുള്ള റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ സുരക്ഷയെക്കരുതി അടിയന്തിരമായി വെട്ടിമാറ്റിയിട്ടുള്ളതാണ്. ടി പ്രവൃത്തിക്ക് 12-7-2019 തീയതിയിലെ 3-ാം നം. തീരുമാനപ്രകാരം അംഗീകാരം നല്കുകയും ആവശ്യമായ ചെലവുകൾക്ക് 29-7-19 ലെ 2(6)-ാം നം. തീരുമാനപ്രകാരം അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പെരുമ്പാവൂർ റെയ്ഞ്ച് ഓഫീസറുടെ വാല്യുവേഷനും മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസിൽ നിന്നും അനുമതിയും ലഭ്യമായിട്ടുള്ളതാണ്. ആകെ 30000/- രൂപ തനതുഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

ആകെ ചെലവായ തുക

പാലമരം വെട്ടുകൂലി - 17990/-

കാലാനിമറ്റം ഭാഗത്തേക്ക് തടി മാറ്റിയതിന്റെ വാഹന വാടക – 4200/-

ക്രെയിൻ വാടക - 6490/-

ജെ.സി.ബി വാടക - 1320/-

ആകെ - 30000/-

ചെലവ് വിവരം

വൗച്ചർ നം. 21900390/1-8-2019 - 17990/-

വൗച്ചർ നം. 21900391/1-8-2019 - 4200/-

വൗച്ചർ നം. 21900392/1-8-2019 -6490/ -

വൗച്ചർ നം. 21900393/1-8-2019 - 1320/-

ടി തുക തിരികെ നല്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്ത് വകുപ്പ് ( നിരത്ത് വിഭാഗം) അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നല്കിയിട്ടുണ്ട് (കത്ത് നം. എ2-2422/2019/22.7.2019). ടി തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12/10.3.21) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിൽ (നിരത്ത് വിഭാഗം) നിന്നും ടി തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല.

പ്രോജക്ട് നമ്പർ- 25/2020

ഇലഞ്ഞി മാണിക്കുന്ന് വെട്ടികാട്ട് റോഡ് റീ ടാറിംഗ്

കരാറുകാരൻ - ശ്രീ. കെ.പി.ബേബി

അടങ്കൽ 400000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്

പി.എ.സി- 399731/-, ബിൽ നമ്പർ- 29/19-20 16.3.20, 399731/-

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടുള്ളത് 18.9.2019 ൽ ആണ്. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം പിഴയില്ലാതെയും തുടർന്നുള്ള 10 ദിവസത്തിനുള്ളിൽ പി.എ.സിയുടെ 1% പിഴയോടുകൂടിയും എഗ്രിമെന്റ് വെക്കാവുന്നതാണ്. എന്നാൽ കരാറുകാരൻ എഗ്രിമെന്റ് വെച്ചിട്ടുള്ളത് നിമാനുസൃത കാലയളവായ 2.10.2019 കഴിഞ്ഞ് 28.10.2019 ൽ ആണ്. ഇപ്രകാരം നിമാനുസൃത കാലയളവിനുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയിട്ടില്ല. എഗ്രീഡ് പി.എ.സിയുടെ 1%, (399731.00x 1%), 3997/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (17/12.3.21)ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കി അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 1-25 പ്രോജക്ടിൽ വകയിരുത്തിയതിനേക്കാൾ അധികം ചെലവഴിച്ചു.

പ്രോജക്ട് നമ്പർ- 106/20, ബിൽ നമ്പർ - 8/19-20/ 11.7.19 – 48075/-

സെക്രട്ടറി നടപ്പിലാക്കിയ 44-ാം നമ്പർ അങ്കണവാടി ഇലക്ട്രിഫിക്കേഷൻ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ പദ്ധതിയുടെ അന്തിമ വകയിരുത്തൽ 48075/- രൂപയാണ്. (മെയിന്റനൻസ് ഫണ്ട് റോഡിതരം). ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സൂപ്പർവിഷൻ ഫീസിനുമായി എസ്റ്റിമേറ്റ് തുകയുടെ 3%-വും ചെക്ക് മെഷർമെന്റിന് എസ്റ്റിമേറ്റ് തുകയുടെ 1%വും ഫീസായി അനുവദിക്കാവുന്നതാണ്. ഇതിനുള്ള തുകകൂടി പ്രോജക്ടിൽ വകയിരുത്തേണ്ടതാണ്. അളവ് പുസ്തകം 4/2019 പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 48075/- രൂപയാണ്. ആകെ വകയിരുത്തിയതിനേക്കാൾ അധികമായി 1923/- രൂപ തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 302, 303/ 16.7.2019 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതിയുടെ അനുമതിയില്ലാതെ അന്തിമമായി പ്രോജക്ടിൽ വകയിരുത്തിയ തുകയേക്കാൾ അധികമായി ചെലവഴിച്ച 1923/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (22/15.3.21) ലഭ്യമാക്കിയ മറുപടിയിൽ മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽ ഫണ്ട് ഇല്ലാതിരുന്നതിനാലാണ് പ്രോജക്ടിൽ വകയിരുത്താതിരുന്നതെന്നാണ്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. തൻവർഷം പ്രസ്തുത ഗ്രാന്റിൽ 15,34,154.00 രൂപ വിനിയോഗിക്കാതെ ലാപ്സായി പോയിട്ടുണ്ട്.

## 1-26 മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ലഭ്യമല്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2/5/2019 ലെ 100/DC1/2019/ ത സ്വ ഭ വ നം.സർക്കുലർ പ്രകാരം മഴക്കാലപൂർവ്വ ശുചീകരണത്തിനായി ഗ്രാമപഞ്ചായത്തിലെ വാർഡുകൾക്ക്, വാർഡൊന്നിന് ശുചിത്വമിഷൻ വകയായി ₹10000/- രൂപയും തനത് ഫണ്ടിൽനിന്നും 5000/- വീതം ആകെ 15000/- രൂപ നൽകേണ്ടതാണ്. ടി തുക പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾക്ക് മാത്രമായി ഉപയോഗിക്കേണ്ടതും വാർഡ് തല ആരോഗ്യ ശുചിത്വപോഷണസമിതിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തുനൽകേണ്ടതുമാണ്. വാർഡ് തല പ്രവർത്തന രേഖയുടെ അടിസ്ഥാനത്തിൽ ടി തുക ചെലവഴിക്കേണ്ടതുമാണ്. ഇതുപ്രകാരം 13 വാർഡുകളിലേയും ആരോഗ്യ ശുചിത്വപോഷണസമിതിയുടെ അക്കൗണ്ടിലേക്ക് 15000/- രൂപ വീതം ആകെ 195000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. (വൗച്ചർ നം. 21900143/18.5.19) പ്രവൃത്തികളുടെ മസ്റ്റർ റോളുകൾ, വാർഡിൽ പ്രവൃത്തികൾ നടത്തിയതിന്റെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ എന്നിവ ഓഡിറ്റിന് ലഭ്യമായിട്ടില്ല. ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയുടെ (നം.2/8.3.21) അടിസ്ഥാനത്തിൽ ചെലവ് വിവരങ്ങൾ ഹാജരാക്കി. എന്നാൽ പ്രവൃത്തികളുടെ മസ്റ്റർ റോളുകൾ, വാർഡിൽ പ്രവൃത്തികൾ നടത്തിയതിന്റെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ എന്നിവ ഓഡിറ്റിന് ലഭ്യമായിട്ടില്ല. ഇവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-27 വരൾച്ച ദുരിതാശ്വാസം കുടിവെള്ള വിതരണ പദ്ധതി-അധിക ചെലവ്

പ്രോജക്ട് നമ്പർ 134/19-20

വരൾച്ച ദുരിതാശ്വാസം കുടിവെള്ള വിതരണ പദ്ധതി.

സർക്കാർ ഉത്തരവ്(സാ.ധാ)/500/2019/ത.സ്വ.ഭ.വ 2.3.2019 പ്രകാരം സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി 1.4.2019 മുതൽ 31.5.2019 വരെ ഗ്രാമ പഞ്ചായത്തുകൾക്ക് തനത് ഫണ്ട്/പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്ന പരമാവധി തുക 11ലക്ഷം രൂപയാണെന്ന് നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി പ്രകാരം 31.5.2019 ന് ശേഷം 1.6.2019 മുതൽ 9.6.2019 വരെ വിവിധ സ്ഥലങ്ങളിലായി 24 ട്രിപ്പ് കുടിവെള്ളം വിതരണം ചെയ്തതിന് ഒരു ട്രിപ്പിന് 700/- രൂപ നിരക്കിൽ കരാറുകാരനായ ശ്രീ.മനോജ്.എൻ.കെ. എന്നയാൾക്ക് 16800/- രൂപ നൽകിയിട്ടുണ്ട്. ബിൽ നമ്പർ -26/18.11.19. ഇപ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുള്ള കാലയളവിനേക്കാൾ കൂടുതലായി കുടിവെള്ള വിതരണം നടത്തിയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് 24/15.3.21) മറുപടി ലഭ്യമാക്കിയില്ല.

## 1-28 എം.ജി.എൻ.ആർ.ജി.എസ്- അപാകതകൾ

1) തൊഴിലുറപ്പ് പദ്ധതികൾ പൂർത്തികരിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്ന പൂർത്തീകരണ സർട്ടിഫിക്കറ്റിൽ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

2) തൊഴിലുറപ്പ് പദ്ധതികളുടെ സൈറ്റ് വെരിഫിക്കേഷൻ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

3) ആസ്തി നിർമ്മിക്കപ്പെട്ടതിന്റെ ജിയോടാഗ് ഫോട്ടോഗ്രാഫ് ഫയലിൽ ലഭ്യമല്ല.

4) പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപും, പ്രവൃത്തി നടത്തുന്ന കാലയളവിലും, പ്രവൃത്തിക്ക് ശേഷവുമുള്ള വിവിധ ഘട്ടങ്ങളിലെ ഫോട്ടോഗ്രാഫ് ഫയലിൽ ഉൾപ്പെടുത്താത്തത് നിമിത്തം പൂർത്തികരിച്ച പ്രവൃത്തിയുടെ ഫലപൂർത്തി നിർണയിക്കുവാൻ കഴിയുന്നില്ല.

5) അനുബന്ധം 4 പ്രകാരം പ്രവൃത്തി നടത്തുവാൻ അനുവദിച്ചു കൊണ്ടുള്ള പത്രിക ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

6) വിവിധ പ്രവൃത്തികൾക്കായി വാങ്ങുന്ന മെറ്റീരിയലിന്റെ ക്യാഷ്ബിൽ ഫയലിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

7) തൊഴിലുറപ്പ് പദ്ധതികൾക്കായി നിയോഗിക്കപ്പെടുന്ന തൊഴിലാളികളുടെ വേജ്സ് ലിസ്റ്റും, മെറ്റിരിയൽ സപ്ലൈ ചെയ്യുന്ന കോൺട്രാക്ടർമാർക്ക് ഫണ്ട് ട്രാൻസ്ഫർ ഓർഡറും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

8) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കക്കൂസ് നിർമ്മാണം, കിണർ റീച്ചാർജിംങ് തുടങ്ങിയ പ്രവൃത്തികൾ വിവിധ ഗുണഭോക്തക്കൾക്ക് നല്കിയിട്ടുണ്ടെങ്കിലും ഈ ഗുണഭോക്താക്കളുടെ അനുമതി പത്രമോ ഈ പ്രവൃത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ കരം തീർത്ത രസീതോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

9) കിണർ റീച്ചാർജിംങ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കിണർ ഗുണഭോക്താക്കൾക്ക് കൈമാറുമ്പോൾ തുടർ പരിപാലനം ഗുണഭോക്താക്കൾ തന്നെ നിർവ്വഹിക്കേണ്ട വസ്തുത ഗുണഭോക്താക്കളെ അറിയിക്കേണ്ടതും അതോടൊപ്പം അവരിൽ നിന്നും അനുബന്ധം 5 ൽ സമ്മതപത്രം ഒപ്പിട്ട് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ആയത് ഫയലിൽ നിന്ന് ലഭ്യമല്ല.

10) കിണർ റീച്ചാർജിംങിന് പ്രത്യേകം ജലഗ്രാമസഭകൾ നടത്തുകയോ, കിണർ റീച്ചാർജിംങ് പദ്ധതിക്കാവശ്യമായ ഗുണഭോക്താക്കളെ മാനദണ്ഡമനുസരിച്ച് തെരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്ത് അംഗീകാരം നല്കിയ ഗുണഭോക്തൃലിസ്റ്റ് ഓഡിറ്റ് വേളയിൽ ഹാജരാക്കിയിട്ടില്ല.

മേൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 15.03.2021 ൽ നല്കിയ 21-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മേൽ പരാമർശങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-29 പുലവേലിക്കുന്ന് റോഡ് കോൺക്രീറ്റിംഗ്- രണ്ടാം ഘട്ടം- അധിക ചെലവ്

പ്രോജക്ട് നമ്പർ- 15/2020, ബിൽ നമ്പർ 12/18.12.19, 399516

കരാറുകാരൻ - ശ്രീ. ഷാജികുമാർ ,അടങ്കൽ 400000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

അളവ് പുസ്തകം- 1/19-20

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരം ആകെ 250 മീറ്റർ നീളമുള്ള റോഡിന്റെ 130 മീറ്റർ നീളം 2018-19 ൽ പ്രോജക്ട് നമ്പർ 34/19 അനുസരിച്ച് ബേസ് കോൺക്രീറ്റിംഗും വിയറിംഗ് കോട്ടും ചെയ്തിട്ടുള്ളതാണ്. ആയത് അളവ് പുസ്തകം 5/18-19 ൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ തൻവർഷത്തെ പദ്ധതിയുടെ എസ്റ്റിമേറ്റ് ഒന്നാമിനമായി 119x2.9x0.1 അളവിൽ റോഡ് ഫോമേഷൻ ലെവലിംഗും രണ്ടാമിനമായി 40mm മെറ്റലുപയോഗിച്ച് 119മീറ്റർ നീളത്തിൽ 1:4:8 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് ബേസ് വർക്കും മൂന്നാമിനമായി 119മീറ്റർ നീളത്തിൽ 20mm മെറ്റലുപയോഗിച്ച് 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് വിയറിംഗ് കോട്ടുമാണ് ചെയ്യുന്നത്. എന്നാൽ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലനുസരിച്ച് രണ്ടാമിനം പ്രവർത്തി ആകെ 108.20 മീറ്റർ നീളത്തിൽ 31.387$m^3$ ചെയ്തിട്ടുണ്ട്. കൂടാതെ മൂന്നാമിനം പ്രവർത്തി അളവ് പുസ്തകം പുറം 9 ലെ രേഖപ്പെടുത്തൽ അനുസരിച്ച് 125.45 മീറ്റർ നീളത്തിൽ വിയറിംഗ് കോട്ട് 19.71$m^3$ ചെയ്തതിന് 7675.58/$M^3$ നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. ബേസ് വർക്കായി 40mm മെറ്റലുപയോഗിച്ച് 1:4:8 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് ചെയ്ത നീളത്തേക്കാൾ അധികമായി വിയറിംഗ് കോട്ട് ചെയ്യുവാൻ സാധിക്കില്ല എന്നിരിക്കെ, അധികം ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതനുസരിച്ച് (ഓഡിറ്റ് എൻക്വയറിക്ക് 26/17.3.21) ലഭ്യമാക്കിയ മറുപടിയിൽ 17.25 മീറ്റർ നീളത്തിൽ റബിൾ പാക്കിംഗ് പ്രസ്തുത റോഡിന്റെ സമീപവാസികൾ തന്നെ ചെയ്തിരുന്നതിനാൽ 40mm കോൺക്രീറ്റിംഗ് ആവശ്യമായി വന്നില്ലായെന്നതിനാലാണ് മൂന്നാമിനം പ്രവൃത്തി രണ്ടാമിനത്തേക്കാൾ അധികം ചെയ്യേണ്ടി വന്നതെന്നറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കാവുന്നതാണെങ്കിലും പ്രസ്തുത വിവരങ്ങളൊന്നും തന്നെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥലം സന്ദർശിച്ച് കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 കന്നുകുട്ടി പരിപാലന പദ്ധതി-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S078/20, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 2,26,000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 162500/- |
| ബിൽ നമ്പർ | 1/19 -20 തീയതി 21.1.20 |
| നിർവ്വഹണം | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, ഇലഞ്ഞി ഗ്രാമപഞ്ചായത്ത്. |

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2019-20 ൽ 162500/- രൂപ ആലുവയിലുള്ള കന്നുകാലി വികസന കേന്ദ്രം പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ക്ഷീരവികസനം ലക്ഷ്യമിട്ട് 4 മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനാണ് തുക കൈമാറുന്നത്. എന്നാൽ കൈമാറിയ മുഴുവൻ തുകയും കാര്യക്ഷമമായി വിനിയോഗിച്ചോ എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. പദ്ധതി പൂർത്തിയാകുന്നതിന് മുൻപ് കന്നുകുട്ടികൾ ചത്തു പോകുകയോ, മറ്റ് കാരണങ്ങളാൽ തുക മിച്ചം വരികയോ ചെയ്താൽ പ്രോജക്ട് ഓഫീസറുടെ പക്കൽ തുക അവശേഷിക്കാറുണ്ട്. ടി പ്രോജക്ടിൽ 2 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾ പ്രോജക്ട് ആരംഭിച്ച് 10 മാസമായപ്പോൾ ചത്തുപോയി. (24 മാസമാണ് പ്രോജക്ടിന്റെ കാലാവധി) പ്രോജക്ട് ഓഫീസറിൽ നിന്നും ബാലൻസ് തുക ലഭ്യമാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇവയുടെ ഇൻഷ്വറൻസ് തുകയും നാളിതുവരെ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല. ഇൻഷ്വറൻസ് തുക ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-31 മുട്ടക്കോഴി വിതരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം , പേര് | എസ് 67/19 – 20 എസ്.സി. വനിതകൾക്ക് മുട്ടക്കോഴി വിതരണം. |
| ബിൽ നം, തീയതി, | 1) 3/19-20/ 12-11-19- 1500/- |

| | |
|---|---|
| തുക | 2)16/19-20/8-3-20 - 6000/-<br>3500 ഗുണഭോക്തൃവിഹിതം. |
| അടങ്കൽ, ഫണ്ട്,ചെലവ് | 30000/-(എസ്.സി.പി ഫണ്ട്.),<br>14000/- (മറ്റുള്ളവ) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

എസ്.സി.വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് മുട്ടക്കോഴി വിതരണം ചെയ്യുന്നതിന് 75% സബ്സിഡി അനുവദിക്കാവുന്നതാണ്. 25% ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ ഒരു കോഴിക്ക് 110/- രൂപ നിരക്കിൽ എസ്.സി. വിഭാഗത്തിൽ പെട്ട 40 വനിതാ ഗുണഭോക്താക്കൾക്ക് 10 വീതം മുട്ടക്കോഴി വിതരണം ചെയ്യുകയെന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ 10 എസ്.സി. വനിതകൾക്ക് 10 മുട്ടക്കോഴികളെ വീതം വിതരണം ചെയ്യുകയാണ് ചെയ്തത്. ഗുണഭോക്താക്കളിൽനിന്ന് 350/-രൂപ വീതം ഗുണഭോക്തൃവിഹിതമായി വാങ്ങുകയും 750/- രൂപ വികസനഫണ്ടും ചെലവഴിക്കുകയുമാണ് ചെയ്തത്.

ടി പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. വെറ്ററിനറി സർജൻ വിതരണം ചെയ്ത കോഴികളുടെ ഹെൽത്ത് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. 40 വനിതാ ഗുണഭോക്താക്കൾക്ക് 10 വീതം മുട്ടക്കോഴി വിതരണം ചെയ്യുകയെന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ 10 പേർക്ക് മാത്രമായി കുറച്ചു.

ഇവയുടെ വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ 10 ഗുണഭോക്താക്കൾ മാത്രമെ ഗുണഭോക്തൃവിഹിതം അടച്ചിട്ടുള്ളൂ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വരും വർഷങ്ങളിൽ പ്രോജക്ട് നടപ്പിലാക്കുമ്പോൾ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കാൻ ശ്രമിക്കേണ്ടതാണ്.

## ഭാഗം -2

### 2-1 ബിലേറ്റഡ് ഫീസ് ഈടാക്കിയില്ല.

31.10.2017 ലെ SRO No.674/2017 ലെ ചട്ടം 10(എ) പ്രകാരം ലൈസൻസ് ഫീ പുതുക്കുന്നതുമായി ബന്ധപ്പെട്ട് പറയുന്നത് " A License Issued Under These Rules Shall Be Renewed On Payment Of The Fee Specified Under Schedule II Along With A Self Certificate From The Applicant Within Thirty Days Before The End Of The Year"എന്നാണ്. അതേപോലെ ലൈസൻസ് ഫീ അടവാക്കി ലൈസൻസ് എടുക്കുവൻ താമസിച്ചാൽ 1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 19, 22 എന്നിവ പ്രകാരം (വാണിജ്യ വ്യവസായ പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും) പ്രകാരം പരമാവധി അധിക ഫീസായി ഈടാക്കേണ്ടത് അടവാക്കിയ ഫീസിന്റെ 25% മാണ്. എന്നാൽ പഞ്ചായത്തിൽ നിന്നും 115 പേർ 2019-20 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും 109 പേർ ചട്ടത്തിന് വിരുദ്ധമായി കാലാവധി കഴിഞ്ഞാണ് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് അധികൃതർ നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന അധിക ഫീസ് ഈടാക്കി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

31.03.2019 ന് ശേഷം പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തവരുടെ എണ്ണം – 109

| ലൈസൻസ് ഫീസായി നിശ്ചയിക്കപ്പെട്ട തുകയുടെ അടിസ്ഥാനത്തിലുള്ള എണ്ണം. | | | | |
|---|---|---|---|---|
| | | | | ഈടാക്കേണ്ടിയിരുന്ന അധിക ഫീസ് |
| 10000 | * 4 | =40000 | 25% | 10000 |
| 5000 | * 3 | =15000 | 25% | 3750 |
| 2000 | * 1 | =2000 | 25% | 500 |
| 1000 | * 15 | =15000 | 25% | 3750 |
| 500 | * 17 | =8500 | 25% | 2125 |
| 300 | * 13 | =3900 | 25% | 975 |
| 200 | * 27 | =5400 | 25% | 1350 |

| | | | | |
|---|---|---|---|---|
| 100 | * 10 | =1000 | 25% | 250 |
| ആകെ | 90 | | | 22700 |

നിയമാനുസൃതം തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് സഹിതം ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 09.03.2021 ൽ നല്കിയ 7-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയതിൽ 19 പേർ പുതുതായി അപേക്ഷ നല്കിയവരാണെന്നും അവരെ ബിലേറ്റഡ് ഫീസിൽ നിന്നും ഒഴിവാക്കണമെന്നും മറുപടി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അപേക്ഷകരെ ഒഴിവാക്കി ബിലേറ്റഡ് ഫീസിനത്തിൽ നഷ്ടം വന്ന 22700/- രൂപ ബന്ധപ്പെട്ട സ്ഥാപന ഉടമകളിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

### 3-1 സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം, പേര് | 63/19-20 നെല്ല് കൃഷി വികസനം |
| ബിൽ നം തീയതി ചെലവ് | 6/19-20, 61338/-25.02.2020<br>7/19-20, 99875/-25.02.2020<br>10/19-20, 34787/-31.01.2020 |
| അടങ്കൽ, ഫണ്ട് | 196000,വികസന ഫണ്ട്,<br>200000/-ജില്ലാപഞ്ചായത്ത് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ, ഇലഞ്ഞി |

കൃഷി ഓഫീസർ നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ താഴെ ചേർത്തിട്ടുള്ള വ്യക്തികൾ നെല്ല് കൃഷി നടത്തുന്നതിന് ഹാജരാക്കിയ കരമടച്ച് സമർപ്പിച്ച രേഖകൾ പുരയിടത്തിന്റേതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് | സർവ്വേ നം,. | തരം, വിസ്തീർണ്ണം | ലഭിച്ച തുക, അക്കൗണ്ട് നം |
|---|---|---|---|---|
| ശ്രീ.ബാജി എം.അബ്രഹാം മൂലക്കാട്ടു പുത്തൻപുരയിൽ പെരുമ്പടവം.പി.ഒ, ഇലഞ്ഞി | XII | 358/9<br>358/9-3-2 | പുരയിടം<br>55 ആർ | 3394/-<br>67191680828 SBI |
| ശ്രീ ജോൺ.കെ.ജെ. കല്ലുംപറമ്പിൽ പെരുമ്പടവം.പി.ഒ, ഇലഞ്ഞി | III | 358/1-1 | പുരയിടം<br>24 ആർ | 5906/-<br>357802010002675<br>UBI |
| ശ്രീ സണ്ണി.റ്റി.യു തെറ്റാലിൽ പെരുമ്പടവം.പി.ഒ, ഇലഞ്ഞി | XIII | 359/11-1-4<br>359/11-1-3 | പുരയിടം<br>17 ആർ | 2851/-<br>357802010011151<br>UBI |

നെല്ല് കൃഷി വികസനത്തിനായി പുരയിടത്തിന്റെ കരമടച്ച രസീത് ഹാജരാക്കിയതിന് തുക അനുവദിച്ചതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 10.03.2021 ൽ നല്കിയ 13-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കാമെന്നറിയിച്ചെങ്കിലും ആയത് ഹാജരാക്കിയില്ല. നെൽകൃഷി സബ്സിഡിക്ക് അർഹമായ രേഖകളില്ലാതെ ചെലവഴിച്ച 12151/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

### 3-2 ചക്കാലപ്പാറ- കാച്ചിറതാഴം റോഡ് റീടാറിംഗ്- കാലി വീപ്പയുടെ വില ഈടാക്കിയിട്ടില്ല.

(എ) പ്രോജക്ട് നമ്പർ 95/19-20, അടങ്കൽ- 460000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്)

കരാറുകാരൻ- എ.ജെ.ജോസഫ്

ആകെ മൂല്യം- 401987/- ബിൽ നമ്പർ 1/19-20 /8.5.2019- 200000/-

ബിൽ നമ്പർ 5/19-20 /26.6.19- 201987/-

പ്രോജക്റ്റ് നമ്പർ 41/2018-19 ആയി 2018-19ൽ അംഗീകാരം വാങ്ങിയതും സ്പിൽ ഓവർ പദ്ധതിയായി (95/19-20), 2019-20ൽ പൂർത്തിയാക്കിയ ചക്കാലപ്പാറ - കാച്ചിറതാഴം റോഡ് റീടാറിംഗ് എന്ന പ്രവൃത്തിക്കായി അളവ് പുസ്തകം 43/18-19ലെ രേഖപ്പെടുത്തൽ പ്രകാരം ആകെ 26 ബാരൽ ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്. 2016 ലെ ഡി.എസ്.ആർ നിരക്ക് പ്രകാരം പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് കരാറുകാരന് അനുവദിച്ചുനൽകിയിട്ടുള്ളത്. എന്നാൽ അവസാന ബിൽ നൽകിയപ്പോൾ കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കിയിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ ഈടാക്കിവരുന്ന കാലിവീപ്പയുടെ നിരക്കനുസരിച്ച് (ഒരെണ്ണത്തിന് 238/-രൂപ നിരക്കിൽ) 26 X 238= 6188/- രൂപയും 18% ജി.എസ്.ടി 1114/- രൂപയും ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/12.3.21) ലഭ്യമാക്കിയ മറുപടിയിൽ തുക എത്രയും വേഗം ഈടാക്കി വിവരം അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

(ബി) കുളങ്ങരപ്പടി ഇടയൻ അന്ത്യാൽ റോഡ് റീ ടാറിംഗ്

പ്രോജക്റ്റ് നമ്പർ 96/19-20, അടങ്കൽ- 400000/- (മെയിന്റനൻസ് ഫണ്ട് റോഡ്)

കരാറുകാരൻ- എ.സി.രാജൻ

ആകെ മൂല്യം- 356670/- ബിൽ നമ്പർ 1/19-20 /26.6.19, - 123999/-

ബിൽ നമ്പർ 7/19-20 -232671/-

ഈ പ്രവർത്തിക്കായി ആകെ 21 ബാരൽ ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്. 2016 ലെ ഡി.എസ്.ആർ നിരക്ക് പ്രകാരം പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് കരാറുകാരന് അനുവദിച്ചുനൽകിയിട്ടുള്ളത്. എന്നാൽ അവസാന ബിൽ നൽകിയപ്പോൾ കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കിയിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ ഈടാക്കിവരുന്ന കാലിവീപ്പയുടെ നിരക്കനുസരിച്ച് (ഒരെണ്ണത്തിന് 238/-രൂപ നിരക്കിൽ) 21x 238= 4998/- രൂപയും 18% ജി.എസ്.ടി 900/- രൂപയും ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/12.3.21) ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കി അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 9,22,000 | ലൈഫ് പദ്ധതി ജനറൽ | 3,00,000 | 6,22,000 |
| | 2019-20 | 190000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 190000 | 00 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 61250 | ക്ഷീര സംഘങ്ങൾക്ക് പാലിന് സബ്സിഡി | 61250 | 00 |
| | | 592206 | ലൈഫ് പദ്ധതി ജനറൽ | 592206 | 00 |
| | | 253800 | ശാരീരിക മാനസിക വെല്ലുവിളി | 253800 | 00 |

| | | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
|---|---|---|---|---|---|

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | പൊതു ടാപ്പ് കട്ട് ചെയ്യൽ | 21901049 | 111000 | 00 | പൂർത്തീകരിച്ചിട്ടില്ല | 111000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പ യുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | തൻ വർഷം ലഭിച്ചത് | വർഷാരം ഭത്തിൽ തിരിച്ചട യ്ക്കാനുള്ള തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാന ബാക്കി |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ലോൺ | 17/2018 /ധന തിയതി 6.3.2018 | 400000.00 | 1662887.00 | 2062887.00 | 441176 | 00 | 1619816 (1621711 +1895 പലിശ) |
| | | | 400000.00 | 1662887.00 | 2062887.00 | 441176 | 00 | 1619816.00 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1000000 |
| തൻവർഷം നിക്ഷേപിച്ച തുക | 77136 |
| ആകെ | 1077136 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1077136 |

(2019-20)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| കേരള ഗ്രാമീൺ ബാങ്ക് ഇലഞ്ഞി | 1077136 | 454376/21.3.2020 |
| ആകെ | 1077136 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 13450/- രൂപ ഈടാക്കിയിട്ടുണ്ട്

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 2015-16 | 2-2 | 240 | സെക്രട്ടറി കെ.യു.സി. എസ്.കെ | 119020100 265/ 8.5.2019 | തൊഴിൽ നികുതി |
| 2015-16 | 2-2 | 240 | സെക്രട്ടറി | 1190201 | തൊഴിൽ |

| | | | | | |
|---|---|---|---|---|---|
| | | | കെ.യു.സി. എസ്.കെ | 00268/ 9.5.2019 | നികുതി |
| 2017-18 | 2-4 | 2500 | മാനേജർ എസ്.ബി.ഐ ഇലഞ്ഞി | 119020100 268/ 9.5.2019 | തൊഴിൽ നികുതി |
| 2017-18 | 2-4 | 2500 | ഡയറക്ടർ കെ.കെ.ജെ ഗ്രൂപ്പ് | 119020100 302/ 16.5.2019 | തൊഴിൽ നികുതി |
| 2017-18 | 2-4 | 2500 | ഡയറക്ടർ കെ.കെ.ജെ ഗ്രൂപ്പ് | 119020100 268/ 9.5.2019 | തൊഴിൽ നികുതി |
| 2016-17 | 2-5 | 1500 | അപ്പാച്ചി വൈദ്യൻസ് ക്ലിനിക്ക് | 119020100 321/ 21.5.19 | തൊഴിൽ നികുതി |
| 2017-18 | 2-4-4 | 2500 | പ്രിൻസിപ്പാൾ സെന്റ് ഫിലോമിന സ്കൂൾ | 119020100 408/1.6.19 | തൊഴിൽ നികുതി |
| 2015-16 | 2-2 | 240 | സെക്രട്ടറി കെ.യു.സി. എസ്.കെ | 119020100 264/ 8.5.19 | തൊഴിൽ നികുതി |
| 2017-18 | 2-4 | 1000 | ഡോ.ബാബു ജോൺ അപ്പാച്ചി വൈദ്യൻസ് ക്ലിനിക്ക് | 119020100 288/ 14.5.19 | തൊഴിൽ നികുതി |
| 2017-18 | 2-4-1 | 230 | പ്രിൻസിപ്പാൾ VISAT കോളേജ് | 119020100 292/ 15.5.19 | തൊഴിൽ നികുതി |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39177641.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38649245.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 22700.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23337.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 680721.00 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടമായ തുക | ചെലവ് നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 22700 | | ശ്രീമതി. അനിമോൾ.കെ സെക്രട്ടറി |
| 3-1 | | 12151 | ശ്രീമതി.ഗായത്രി.എം.എ കൃഷി ഓഫീസർ |
| 3-2(എ) | | 6188 | ശ്രീമതി. സോന മാത്യു അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 (ബി) | | 4998 | ശ്രീമതി. സോന മാത്യു അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 22700 | 23337 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18-1 | 34523.00 | ശ്രീമതി.ഗായത്രി എം.എ. കൃഷി ഓഫീസർ |

| | | |
|---|---|---|
| 1-17 | 650000.00 | ശ്രീമതി കസ്തൂർബായി<br>ഹെഡ്മാസ്റ്റർ, ആലപുരം എൽ.പി.എസ്. |
| ആകെ | 684523.00 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഖണ്ഡിക 3-2(എ) – 1114/-

ഖണ്ഡിക 3-2(ബി) – 900/-

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അനിമോൾ.കെ<br>സെക്രട്ടറി | സെക്രട്ടറി<br>മഴുവന്നൂർ ഗ്രാമപഞ്ചായത്ത് | ശ്രീശൈലം<br>പാഴൂർ.പി.ഓ, പിറവം |
| ശ്രീമതി.ഗായത്രി.എം.എ.<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>ഇലഞ്ഞി | ആർ.ഡി.എസ്. ഓയാസിസ്<br>ക്രോസ് റോഡ് ജവഹർ നഗർ<br>കടവന്ത്ര, കൊച്ചി 682020 |
| ശ്രീമതി. സോന മാത്യു<br>അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1988-99 | 48,58 | കെ.എസ്.എ.ഇ.കെ.എം<br>പി9/503(I)/2018/ 3.5.18 | 2 |
| 2006-07 | 2-2,3-1ബി,3-5-2,3-10,3-14, 3-15,3-16,3-18,3-19 | കെ.എസ്.എ.ഇ.കെ.എം<br>പി9/503(Ii)/2018/3.5.18 | 9 |
| 2008-09 | 2-2,3-1,3-2,3-3,3-4,3-6,3-7,<br>3-10,3-13,3-14-1, 3-15(എ), 3-20(1),(2) | എൽ.എഫ്.ഇ<br>പി9/669/10/29.10.2011 | 13 |
| 2009-10& 10-11 | 2-1,2-2,2-4,3-1,3-2,3-3,3-4,3-6,3-7,3-8,3-9,3-11,<br>3-12,3-14,3-15 | കെ.എസ്.എ.ഇ.കെ.എം<br>പി9/503(Iii)/2018/5.7.18 | 15 |
| 2011-12 | 2-5,3-5,3-7 | കെ.എസ്.എ.ഇ.കെ.എം<br>പി9/503(Iv/2018/ 3.5.18 | 3 |
| 2012-13 | 2-2,3-1,3-2,<br>3-6,3-8 | കെ.എസ്.എ.ഇ.കെ.എം<br>പി9/503(V)/2018/5.7.18 | 5 |
| 2013-14 &2014-15 | 2-1,2-2,3-6,3-7,<br>3-8,3-9 | കെ.എസ്.എ.ഇ.കെ.എം<br>പി9/2150/2017/30.7.18 | 6 |
| 2015-16 | 2-4,3-4,3-5, 3-6 | കെ.എസ്.എ.ഇ.കെ.എം<br>പി9/2227/16/12.1.17 | 4 |
| 2016-17 | 2-1, 2-2, 2-3,2-5 | കെ.എസ്.എ.ഇ.കെ.എം<br>പിജി/1071/2020 | 4 |
| 2017-18 | 2-4-1, 2-4-3, 2-4-4, 3-6, 3-10 | കെ.എസ്.എ.ഇ.കെ.എം<br>പിജി/1071/2020 | 5 |
| 2018-19 | 1-15,1-18,1-20,4-8 | കെ.എസ്.എ.ഇ.കെ.എം<br>പി9/509/20/ 14.9.2020 | 4 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്